1992-ൽ കണ്ണൂർ ജില്ലയിലെ ആലക്കോട് ശ്രീജ. സവിത എന്നീ പെൺ കുട്ടികൾ റെയിൽ പാളത്തിൽ മരിച്ചുകിടക്കാനിടയായ സംഭവത്തെക്കുറിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രസ്തുത സംഭവത്തെക്കുറിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ പെൺകുട്ടികൾ ജീവിത നൈരാശ്യംമൂലം ആത്മഹത്യ ചെയ്തു എന്ന് വെളിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്തിമ റിപ്പോർട്ട് തലശ്ശേരി സബ് ഡിവിഷണൽ കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

47 (1407) ബദിയടുക്കയിൽ കുഞ്ഞിക്കണ്ണൻ എന്ന തൊഴിലാളി കൊല ചെയ്യപ്പെട്ട സംഭവം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബദിയടുക്ക പോലീസ് സ്റ്റേഷനതിർത്തിയിലെ ബദിയടുക്ക യിൽ കുഞ്ഞിക്കണ്ണൻ എന്ന തൊഴിലാളി കൊലചെയ്യപ്പെട്ട സംഭവം സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഈ കേസ്സിലെ പ്രതികൾ ആരൊക്കെയാണ്;

(ഡി) മാസങ്ങൾ കഴിഞ്ഞിട്ടും പ്രതികളെ അറസ്റ്റ് ചെയ്യാത്തത് എന്തു കൊണ്ടാണ് എന്ന് അറിയിക്കുമോ;

(ഇ) പ്രതികളെ സംരക്ഷിക്കാൻ പോലീസ് തന്നെ ശ്രമിക്കുന്നുണ്ട് എന്നുള്ള ആരോപണം പരിശോധിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) കേസ് അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

(ഇ) ആരോപണം അടിസ്ഥാനരഹിതമാണ്.

48 (1408) അമ്പലത്തറയിൽ അജി എന്ന ആളുടെ മരണം സംബ ന്ധിച്ച അന്വേഷണം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അമ്പലത്തറ വാർഡിൽ ടി.സി. 48/728-ലെ അജി എന്നയാളെ പോലീസ് ഓടിച്ച് ആറ്റിൽ ചാടിച്ച് കൊലപ്പെടു ത്തിയതായി ആരോപിച്ചുകൊണ്ടുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കേസ്സ് അന്വേഷണം ഏത് ഉദ്യോഗസ്ഥനാണ് നടത്തുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) അജിയോടൊപ്പം ഉണ്ടായിരുന്നതും പോലീസ് ഓടിച്ചു പിടിച്ച തുമായ ജഗദീശന്റെ മൊഴി ഈ കേസ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഇ) അജി മുങ്ങി മരിച്ച കടവിൽ തൽസമയം കുളിച്ചുകൊണ്ടുനിന്ന തായി പറയപ്പെടുന്നവരുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തി യിട്ടുണ്ടോ;

(എഫ്) അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; അന്വേഷണം ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 187/98 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) പ്രാഥമികാന്വേഷണം ഫോർട്ട് സർക്കിൾ ഇൻസ്പെക്ടറും തുടർന്നുള്ള അന്വേഷണം ക്രൈം ഡിറ്റാച്ച്മെന്റ് പോലീസ് അസിസ്റ്റന്റ് കമ്മി ഷണറുമാണ് നടത്തുന്നത്.

(ഡി) ഉണ്ട്.

(ഇ) പ്രസ്തുത കടവിൽ തൽസമയം ആരും കുളിച്ചുകൊണ്ടിരുന്ന തായി വെളിവായിട്ടില്ലാത്തതിനാൽ മൊഴി രേഖപ്പെടുത്തിയിട്ടില്ല.

(എഫ്) അന്വേഷണം പൂർത്തിയാക്കി ഫാക്ച്വൽ റിപ്പോർട്ട് ലഭിച്ചിട്ടു ണ്ട്. ആയത് പരിശോധിച്ച് യുക്തമായ നടപടി ഉടനെ സ്വീകരിക്കുന്നതാണ്.

49 (1409) കടയ്ക്കൽ പോലീസ് സ്റ്റേഷനതിർത്തിയിലെ സരസ്വതിയമ്മയുടെ മരണം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കടയ്ക്കൽ പോലീസ് സ്റ്റേഷനതിർത്തിയിൽ ചുണ്ടയ്ക്കടുത്ത് ചെമ്പോണത്ത് സരസ്വതി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി പോലീസിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ ഏതൊക്കെ വകുപ്പുകൾ അനുസരിച്ച് കേസ്സെടുത്ത് എന്നറിയിക്കുമോ;

(സി) ആരൊക്കെയാണ് ഈ കേസ്സിലെ പ്രതികൾ എന്നറിയിക്കുമോ;

(ഡി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) മരിക്കുന്നതിനുമുമ്പ് സരസ്വതിയമ്മ എതെങ്കിലും പരാതി സ്റ്റേഷനിൽ കൊടുത്തിരുന്നുവോ;

(എഫ്) എങ്കിൽ ആ പരാതിയിന്മേൽ എന്ന് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ജി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്തെന്ന റിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly